PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955.

(Second Meeting)

Friday, the 25th November 1955.

Vol. XIV] OFFICIAL REPORT [No. 18

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Friday, the 25th November 1955, with Mr. Speaker in the Chair.

SHRI A. A. D. LUIZ : Sir, before we proceed to questions, I have a suggestion to make. We have got an important matter, namely, the Second Five Year Plan, to be discussed. I would, therefore, suggest that we suspend Questions and Answers for today.

MR. SPEAKER: No, we shall proceed according to the list of business for the day.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

പഞ്ചായത്തുജീവനക്കാർ.

*691. [1] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു ജീവനക്കാരുടെ ശമ്പളക്രമം പരിഷ്കരിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതേപ്പറ്റി വല്ല നിവേദനവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(സി) എന്തു നടപടിയാണ് അതിന്മേൽ സ്വീകരിച്ചിട്ടുള്ളത് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇക്കാര്യം ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലഭിച്ചിട്ടുണ്ട്.

(സി) പഞ്ചായത്തുജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതു പഞ്ചായത്തുകളുടെ പൊതുവേയുള്ള ധനസ്ഥിതിയെ ആശ്രയിച്ചിരിക്കും. പഞ്ചായത്താഫീസറന്മാരുടെ നിയമനം കഴിഞ്ഞശേഷം അക്കാര്യത്തിൽ ഗവണ്മെൻറ് ഒരു തീരുമാനമെടുക്കുന്നതാണ്.

ശ്രീ. പി. കെ. യശോധരൻ : ഗവണ്മെൻറ നിശ്ചയിച്ചിട്ടുള്ള മിനിമം വേജ് ഇവർക്കു കിട്ടുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. പി. കെ. യശോധരൻ : ഇതു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഫുൾടൈം ജീവനക്കാർക്ക് മിനിമം വേജ് കൊടുക്കുന്നതിൽ വിരോധമില്ല. അതിനു സാദ്ധ്യമല്ലാത്ത പഞ്ചായത്തുകൾ പാർട്ടടൈം ജീവനക്കാരെയാണ് നിയമിക്കുന്നതു്.

ശ്രീ. പി. കെ. യശോധരൻ : അതിനു സാദ്ധ്യമല്ലാത്ത പഞ്ചായത്തുകൾക്ക് ഫുൾടൈം ജീവനക്കാരെ നിയമിക്കുന്നതിനുള്ള ധനസഹായം നൽകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പൊതുവെ ശമ്പളം കൊടുക്കുന്നതിനു ഒരു ഗ്രാൻറ് കൊടുക്കാൻ ഗവണ്മെൻറ നിശ്ചയിച്ചിട്ടുണ്ട്. അതിൽ കൂടുതൽ ഒന്നും ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. യശോധരൻ : അതുണ്ട് ഇവരുടെ ശമ്പളം മെച്ചപ്പെടുത്താൻ സാധിക്കുമെന്നു് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഓരോ പഞ്ചായത്തിൻറെയും സാമ്പത്തിക നില അനുസരിച്ചു് മെച്ചപ്പെടുത്താൻ അവർക്കു തന്നെ സാധിക്കും.

ശ്രീ. പി. കെ. യശോധരൻ : പഞ്ചായത്താഫീസറന്മാരെ നിയമിച്ചുകഴിഞ്ഞാൽ ഗവണ്മെൻറ് ഇതിലൊരു തീരുമാനമെടുക്കുമെന്നു് പറഞ്ഞുവല്ലോ. ഇപ്പോൾ എല്ലായിടത്തും ആഫീസറന്മാരെ നിയമിച്ചിട്ടുണ്ടല്ലോ.

ശ്രീ. കെ. കൊച്ചുകുട്ടൻ : എല്ലാ പഞ്ചായത്താഫീസറന്മാരുടെയും നിയമനമായിട്ടില്ല. 200-ൽ പരം ആഫീസറന്മാരുടെ നിയമനമേ ആയിട്ടുള്ളു. ബാക്കിയുള്ളതുകൂടി നിയമിച്ചുകഴിഞ്ഞാൽ ഗ്രാൻറ വിതരണം ചെയ്യും.

ശ്രീ. പി. ആർ. മാധവൻപിള്ള : പഞ്ചായത്താഫീസറന്മാർക്കും ജീവനക്കാർക്കും സഞ്ചാരത്തിനു ടി. എ. അനുവദിച്ചുകൊടുക്കാറുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എൻറർടെയിൻമെൻറ ടാക്സ് പിരിക്കുന്ന ക്ലാർക്കന്മാർക്കും ശിപായിക്കും ടി. എ. അനുവദിച്ചിട്ടുണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള : പഞ്ചായത്തു ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതു് ഗവണ്മെൻറിൻറെ ചുമതലയായിട്ടാണോ വച്ചിരിക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അല്ല, പഞ്ചായത്തിൻറെ ചുമതലയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. നടരാജപിള്ള : അവർക്ക് ശരിയായ ശമ്പളം കൊടുക്കാൻ സാധിക്കുന്നില്ലെങ്കിൽ പൊതുജനപ്രതിനിധികൾ തന്നെ വേതനമില്ലാതെ ജോലിചെയ്യുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ടാക്സ് പിരിക്കാൻപോലും സാധ്യമല്ലെന്നും ശമ്പളം മുഴുവൻ ഗവണ്മെൻറ് കൊടുക്കണമെന്നുമുള്ള ഒരു നിലയാണ് പല പഞ്ചായത്തും എടുക്കുന്നത്. അതംഗീകരിച്ച് ശമ്പളം കൊടുക്കാൻ ഗവണ്മെൻറിനു നിവൃത്തിയില്ല.

ശ്രീ. ആർ. സുഗതൻ : പഞ്ചായത്താഫീസറന്മാരുടെ ശമ്പളം എത്രയാണെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗ്രേഡുവേറേഷനിൽ 45–75 സ്കെയിലും, അണ്ടർ ഗ്രാഡുവേറേഷനിൽ 30–45 സ്കെയിലുമാണ്.

ശ്രീ. എൻ. രാമേശ്വരൻപിള്ള : പഞ്ചായത്തിലുള്ള ജീവനക്കാരെ സംസ്ഥാനവ്യാപകമായ ഒരു സർവീസിൽ കൊണ്ടുവരുന്നതിനു് ആലോചിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഏതാണ്ടു് അങ്ങനെയാണു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്.

ശ്രീ. പി. എം. മാക്കോസ് : പഞ്ചായത്തുകളിലെ പ്യൂണുമാർക്കു് എന്താണു് ശമ്പളം?

ശ്രീ. കെ. കൊച്ചുകുട്ടൻ : അലവൻസുൾപ്പടെ 26 രൂപ.

ശ്രീ. പി. എം. മാക്കോസ് : അതു കുറവാണെന്നു പരാതിപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്. ശമ്പളം ഇരുപതെന്നുള്ള അറിഞ്ഞുകൊണ്ടുതന്നെയാണു് അവർ ഉദ്യോഗത്തിനു വന്നിട്ടുള്ളതു്.

ശ്രീ. പി. എം. മാക്കോസ് : മറ്റു ഡിപ്പാർട്ട്മെൻറുകളിലെ ശിപായിമാർക്കു ലഭിക്കുന്ന ശമ്പളം കൊടുക്കുവാൻ നടപടി എടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറിനു ആഗ്രഹമുണ്ടു്. പഞ്ചായത്തുകൾക്കു് സാധ്യമാകുമെങ്കിൽ 42 രൂപ കൊടുക്കാവുന്നതാണു്.

ശ്രീ. പി. എം. മാക്കോസ് : അവരുടെ ശമ്പളം കുറവായതുകൊണ്ടു് കുടുംബനിർവഹണം ശരിയായി പോലിക്കുന്നില്ലെന്നും ശമ്പളം കൂട്ടിക്കൊടുക്കേണ്ടതാണെന്നും പഞ്ചായത്തുകൾ പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ പ്രമേയങ്ങൾ പാസ്സാക്കിയിട്ടുള്ളതായി അറിവില്ല.

കടലാക്രമണം.

* 692. [2] ശ്രീ. പി. കെ. നാരായണൻ : തെക്കൻ ജില്ലകളിൽ പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) കടലാക്രമണംമൂലം സുരക്ഷിതത്വമില്ലാതെ കഴിയുന്ന കടലോരവാസികൾക്കു് ആശ്വാസകരമായ എന്തെങ്കിലും പദ്ധതി ഗവണ്മെൻറിനുണ്ടോ; ഉണ്ടെങ്കിൽ എന്തു്;

LIBRARY ARCHIVES Kerala Legislative Assembly